REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 04-09-2024 സമയം 12.30 AM

## പ്രധാന വാർത്തകൾ

- **കൃഷിയും വ്യവസായവും ആരോഗ്യവുമടക്കം മേഖലകളിൽ ഉഭയകക്ഷി സഹകരണം മെച്ചപ്പെടുത്താൻ ഇന്ത്യയും ബ്രൂണെയും തീരുമാനിച്ചുതായി പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ രാജ്യസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു.**
- **KSRTC യ്ക്ക് സംസ്ഥാന ഗവൺമെന്റ് 30 കോടി രൂപ കൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ**
- **ഗുജറാത്തിലെ പോർബന്തറിന് സമീപം രക്ഷാപ്രവർത്തനത്തിനിടെ കോസ്റ്റ് ഗാർഡ് ഹെലികോപ്റ്റർ തകർന്ന് മരിച്ച കമാൻന്റന്റ് വിപിൻ ബാബുവിന്റെ മൃതദേഹം ഉച്ചയ്ക്ക് കൊച്ചി വിമാനത്താവളത്തിലെത്തിക്കും.**
- **പാരീസ് പാരാലിമ്പിക്സിൽ മെഡൽ നേടിയ ഇന്ത്യൻ ടീം അംഗങ്ങളെ രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും അഭിനന്ദിച്ചു.**

## വാർത്തകൾ വിശദമായി

കൃഷി, വ്യവസായം, ആരോഗ്യം, ഫാർമാ മേഖലകളിൽ ഉഭയകക്ഷി സഹകരണം മെച്ചപ്പെടുത്താൻ ഇന്ത്യയും ബ്രൂണെയും തീരുമാനിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഇതിനു പുറമെ സൈബർ സെക്യൂരിറ്റി, ബഹിരാകാശ സാങ്കേതിക വിദ്യ രംഗങ്ങളിലും സഹകരണം വർദ്ധിപ്പിക്കുമെന്ന് ബ്രൂണെ ദാരുസലാമിൽ പ്രധാനമന്ത്രി അറിയിച്ചു.

ഇന്ത്യക്കും ബ്രൂണൈക്കുമിടയിൽ നേരിട്ട് കണക്ടിവിറ്റി സംവിധാനം ഏർപ്പെടുത്തും. ഇന്ത്യയുടെ ആക്ട് ഈസ്റ്റ് നയത്തിലും ഇന്തോ-പസഫിക്ക് കാഴ്ചപ്പാടിലും ബ്രൂണൈ മികച്ച പങ്കാളിയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ബ്രൂണൈ സുൽത്താൻ, ഹാജി ഹസ്സനൽ ബോൾക്കിയ-യുമായി നടത്തിയ കൂടിക്കാഴ്ചക്ക് ശേഷം നരേന്ദ്രമോദി അറിയിച്ചതാണിത്.

ബ്രൂണൈ പര്യടനം പൂർത്തിയാക്കിയ ശേഷം നരേന്ദ്രമോദി, സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ ഇന്ന് സിംഗപ്പൂരിലേക്ക് പോവും.

✪✪✪

കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ രാജ്യസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു. പാർലമെന്റ് മന്ദിരത്തിൽ ഉപരാഷ്ട്രപതിയും, രാജ്യസഭാ ചെയർമാനുമായ ജഗദീപ് ധൻകർ അദ്ദേഹത്തിന് സത്യവാചകം ചൊല്ലിക്കൊടുത്തു. മധ്യപ്രദേശിൽ നിന്നാണ് ജോർജ് കുര്യനെ രാജ്യസഭാംഗമായി തിരഞ്ഞെടുത്തത്.

✪✪✪

ആരോപണ വിധേയരായ ADGP അജിത് കുമാറിനെയും പൊളിറ്റിക്കൽ സെക്രട്ടറി P ശശിയേയും മുഖ്യമന്ത്രി സംരക്ഷിക്കുകയാണെന്ന് പ്രതിപക്ഷനേതാവ് V.D സതീശൻ ആരോപിച്ചു. ഇരുവർക്കുമെതിരെ നടപടിയെടുക്കാൻ മുഖ്യമന്ത്രി മടിക്കുന്നതെന്തിനാണെന്ന് അദ്ദേഹം ചോദിച്ചു.

മുഖ്യമന്ത്രിയുടെ ഇടനിലക്കാരനായി പ്രവർത്തിക്കു ന്നയാളാണ് ADGP യെന്നും RSS നേതാവിനെ കാണാൻ മുഖ്യമന്ത്രി ADGP യെ അയച്ചുവെന്നും V.D സതീശൻ വാർത്താ സമ്മേളനത്തിൽ കുറ്റപ്പെടുത്തി.

തൃശൂർ പൂരം അലങ്കോലപ്പെടുത്തിയത് മുഖ്യമന്ത്രിയുടെ റിവോടെയാണെന്നും പ്രതിപക്ഷനേതാവ് പറഞ്ഞു.

✪✪✪

സംസ്ഥാന പൊലീസിൽ ഗവണ്മെന്റ് വിരുദ്ധ ലോബി പ്രവർത്തിക്കുന്നുണ്ടെന്ന് P.V അൻവർ MLA പറഞ്ഞു. തന്റെ ആരോപണങ്ങൾ ലക്ഷക്കണക്കിന് പാർട്ടി പ്രവർത്തകരുടെയും ജനങ്ങളുടെയും വികാരമാണ്. അന്വേഷണ സംഘം പരാതി പഠിക്കട്ടെയെന്നും ഒരുറപ്പും തനിക്ക് എവിടെ നിന്നും ലഭിച്ചിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

CPIM സംസ്ഥാന സെക്രട്ടറി M.V ഗോവിന്ദനെ നേരിൽ കണ്ട് പരാതി കൊടുത്ത ശേഷം തിരുവനന്തപുരത്ത് മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അൻവർ.

✪✪✪

P.V അൻവർ MLA ഉന്നയിച്ച ആരോപണങ്ങൾ ഗൗരവതരമാണെന്നും ഇത് മുഖ്യമന്ത്രിയും പാർട്ടി നേതാക്കളും ചേർന്ന് ഒത്തുതീർപ്പാക്കേണ്ടതല്ലെന്നും BJP സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ പറഞ്ഞു. അന്വേഷണം കേന്ദ്ര ഏജൻസികൾക്ക് കൈമാറാൻ മുഖ്യമന്ത്രി തയറാകണമെന്ന് സുരേന്ദ്രൻ ഡൽഹിയിൽ ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ CPIM കേന്ദ്ര നേതൃത്വത്തിന്റേത് നിഗൂഢ മൗനമാണെന്നും സുരേന്ദ്രൻ കുറ്റപ്പെടുത്തി .

✪✪✪

KSRTC യ്ക്ക് സംസ്ഥാന ഗവൺമെന്റ് 30 കോടി രൂപ കൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ തിരുവനന്തപുരത്ത് അറിയിച്ചു. ഈ സാമ്പത്തിക വർഷം KSRTC യ്ക്ക് വകയിരുത്തിയ 900 കോടി രൂപയിൽ 648 കോടി 43 ലക്ഷം രൂപ ഇതിനകം ലഭ്യമാക്കിയതായി മന്ത്രി പറഞ്ഞു. ശമ്പളവും പെൻഷനും മുടക്കം കൂടാതെ വിതരണം ചെയ്യാൻ 50 കോടി രൂപയെങ്കിലും പ്രതിമാസം നൽകുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.

✪✪✪

പൂട്ടികിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ഓണക്കിറ്റ് വിതരണം ചെയ്യുമെന്ന് മന്ത്രി K.N ബാലഗോപാൽ പറഞ്ഞു. 1,833 തൊഴിലാളികൾക്ക് 1,050 രൂപ വിലമതിക്കുന്ന സാധനങ്ങളടങ്ങുന്ന കിറ്റാണ് ലഭിക്കുക. 20 കിലോ അരി, ഒരു കിലോ പഞ്ചസാര, ഒരു ലിറ്റർ വെളിച്ചെണ്ണ എന്നിവ അടങ്ങിയ കിറ്റ് സപ്ലൈകോ മുഖാന്തരമാണ് ലഭ്യമാക്കുന്നത്.

✪✪✪

പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗ് ഏർപ്പെടുത്തിയതിലൂടെ 18 കോടി രൂപയുടെ അധിക വരുമാനം നേടാൻ കഴിഞ്ഞതായി മന്ത്രി P.A മുഹമ്മദ്റിയാസ് പറഞ്ഞു. പയ്യന്നൂർ റസ്റ്റ് ഹൗസിൽ കോൺഫറൻസ് ഹാൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തത്തിൽ വീടും ജീവനോപാധിയും നഷ്ടപ്പെട്ടവർക്ക് നൽകുന്ന അടിയന്തര സഹായവും വീട്ടു വാടകയും വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി പിണറായി വിജയന്, ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി കത്തെഴുതി. വീട് നഷ്ടപ്പെട്ടവർക്ക് വാടകയായി നൽകുന്ന ആറായിരം രൂപ അപര്യാപ്തമാണെന്ന് അദ്ദേഹം പറഞ്ഞു. തുക വർദ്ധിപ്പിച്ചു നൽകണമെന്ന് കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

✪✪✪

ഓട്ടിസം ബാധിച്ച കുട്ടികളുടെ സാമൂഹ്യവത്ക്കരണം സമൂഹത്തിന്റെ ബാധ്യതയാണെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. തിരുവനന്തപുരം നിഷ്- ൽ സ്പീഡ് പദ്ധതി പ്രഖ്യാപനവും ഓട്ടിസവുമായി ബന്ധപ്പെട്ട പുസ്തകത്തിന്റെ പ്രകാശനവും നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

നടപ്പു സാമ്പത്തിക വർഷം ഇന്ത്യയുടെ വളർച്ച ഏഴ് ശതമാനത്തിലെത്തുമെന്ന ലോകബാങ്കിന്റെ ഏറ്റവും പുതിയ ഇന്ത്യാ - വികസന അവലോകനത്തിൽ പറയുന്നു. തുടർന്ന് വരുന്ന രണ്ട് സാമ്പത്തിക വർഷങ്ങളിലും വളർച്ചാനിരക്ക് ശക്തമായി തുടരുമെന്ന് റിപ്പോർട്ട് വിലയിരുത്തി.

✪✪✪

ഗുജറാത്തിലെ പോർബന്തറിന് സമീപം രക്ഷാപ്രവർ ത്തനത്തിനിടെ അറബിക്കടലിൽ കോസ്റ്റ് ഗാർഡ് ഹെലി കോപ്റ്റർ തകർന്ന് മരിച്ച കമാൻന്റന്റ് വിപിൻ ബാബുവിന്റെ മൃതദേഹം ഉച്ചയ്ക്ക് ഒരു മണിയോടെ കൊച്ചി നെടുമ്പാശ്ശേരി വിമാനത്താവളത്തിലെത്തിക്കും. സ്വദേശമായ മാവേലിക്ക രയിലേക്ക് കൊണ്ടുപോകുന്ന ഭൗതികശരീരം സൈനിക ബഹുമതികളോടെ സംസ്കരിക്കും.

തിങ്കളാഴ്ച ഹരിലീല എന്ന കപ്പലിൽ ഗുരുതരമായി പരിക്കേറ്റ ജീവനക്കാരനെ ആശുപത്രിയിലേക്ക് മാറ്റാൻ ശ്രമിക്കുന്നതിനിടെ ഹെലികോപ്റ്റർ തകർന്നു വീഴു കയായിരുന്നു. അപകടത്തിൽ മൂന്നുപേർക്ക് ജീവൻ നഷ്ടപ്പെട്ടു.

✪✪✪

ഹരിത കേരള മിഷന്റെ ‘ തെങ്ങിന് തടം, മണ്ണിന് ജലം ‘ ക്യാമ്പയിൻ വൈകിട്ട് മന്ത്രി P പ്രസാദ് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. വിള പരിപാലനത്തോടൊപ്പം മഴവെള്ളം മണ്ണിലേക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടെയാണ് ക്യാമ്പയിൻ സംഘടിപ്പിച്ചിരിക്കുന്നത്. കാലവർഷത്തിലെ അവസാന മഴയും, തുലാവർഷവും പരമാവധി സംഭരിക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം.

✪✪✪

പാരീസ് പാരാലിമ്പിക്സിൽ മെഡൽ നേടിയ ഇന്ത്യൻ ടീം അംഗങ്ങളെ രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും അഭിനന്ദിച്ചു. പുരുഷന്മാരുടെ ജാവ്ലിൻ ത്രോയിൽ അജിത് സിംഗ് വെള്ളിയും, സുന്ദർ സിംഗ് ഗുർജാർ വെങ്കലവും നേടി. ഹൈജംപിൽ വെള്ളി നേടിയ ശരദ്

കുമാറിനെയും വെങ്കലം നേടിയ മാരിയപ്പൻ തങ്കവേലുവിനെയും അവർ അഭിനന്ദിച്ചു.

ഗെയിംസിലെ സുമിത് ആന്റിലിന്റെ സ്വർണ്ണ മെഡലിന് ശേഷം ഇവരുടെ നേട്ടം ഇന്ത്യയുടെ പ്രകടനത്തിന് തിളക്കം കൂട്ടുന്നതായി രാഷ്ട്രപതി സാമൂഹ്യ മാധ്യമ പോസ്റ്റിൽ കുറിച്ചു. മെഡൽ നേടിയ ഇന്ത്യൻ താരങ്ങളെ പ്രധാനമന്ത്രി നരേന്ദ്രമോദി നേരിട്ട് വിളിച്ച് അഭിനന്ദിച്ചു.

പാരാലിമ്പിക്സിന്റെ ആറാം ദിവസമായ ഇന്നലെ ഇന്ത്യ 5 മെഡലുകൾ നേടി. ഇതോടെ  മൂന്ന് സ്വർണവും എട്ട് വെള്ളിയും 9 വെങ്കലവും ഉൾപ്പെടെ ഇന്ത്യ ഇതുവരെ 20 മെഡലുകൾ സ്വന്തമാക്കി.

✪✪✪

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മാറ്റിവെച്ച  70-ാമത് നെഹ്റു ട്രോഫി വള്ളംകളി ഈ മാസം 28 ന് നടത്താൻ തീരുമാനിച്ചു. പുന്നമടക്കായലിൽ  മുഖ്യമന്ത്രി പിണറായി വിജയൻ മത്സരം ഉദ്ഘാടനം ചെയ്യും. ഇന്നലെ കലക്ട്രേറ്റിൽ ചേർന്ന നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലാണ് തീരുമാനം.

നിലവിൽ ടിക്കറ്റെടുത്തവർക്ക് അതുപയോഗിച്ച് വള്ളം കളി കാണാൻ അവസരമൊരുക്കും.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് രണ്ട് മത്സരങ്ങൾ നടത്തും. ഉച്ചയ്ക്ക് രണ്ടരയ്ക്ക് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ്, കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെ നേരിടും.

വൈകിട്ട് 6.45 ന് രണ്ടാം മത്സരത്തിൽ ഏരീസ് കൊല്ലം സെയ്‌ലേഴ്സ്, തൃശൂർ ടൈറ്റൻസിനെ നേരിടും.

ഇന്നലെ ആലപ്പി റിപ്പിൾസ്,  ലീഗിൽ രണ്ടാം വിജയം നേടി.  ട്രിവാൻഡ്രം റോയൽസിനെയാണ് അവർ തോൽപ്പിച്ചത്. നേരത്തെ ആദ്യ മത്സരത്തിൽ ഏരീസ് കൊല്ലം സെയ്‌ലേഴ്സ്, കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസിനെ തോൽപ്പിച്ചിരുന്നു.

✪✪✪

സംസ്ഥാനത്ത് കുടുംബശ്രീയുടെ ഓണച്ചന്തകൾക്ക് ചൊവ്വാഴ്ച തുടക്കമാകും. പത്തനംതിട്ടയിൽ മന്ത്രി M.B രാജേഷ് ഓണച്ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കും. 2,154 വിപണന മേളകളാണ് കുടുംബശ്രീ സംഘടിപ്പിക്കുന്നത്. സൂക്ഷ്മ സംരംഭ മേഖലയിലെ ഉൽപന്നങ്ങൾക്ക് പ്രാധാന്യം നൽകുന്ന മേള ഈ മാസം 14-ന് സമാപിക്കും.

✪✪✪

കണ്ണൂർ ആറളത്തെ ആനമതിൽ നിർമാണം അടുത്ത മാർച്ചോടെ പൂർത്തിയാക്കണമെന്ന് മന്ത്രി O.R കേളു നിർദേശിച്ചു. മനുഷ്യ, വന്യജീവി സംഘർഷത്തിന് പരിഹാരമുണ്ടാക്കാനാണ് പദ്ധതി നടപ്പാക്കുന്നത്. കണ്ണൂരിൽ പട്ടിക - പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ജില്ലാതല അവലോകന യോഗത്തിൽ പങ്കെടുക്കുകയായിരുന്നു മന്ത്രി. ആറളം ഫാമിൽ ഹാങ്ങിംഗ് ഫെൻസിംഗ് പദ്ധതിയുടെ സാധ്യത പരിശോധിക്കാൻ വനം വകുപ്പിന് നിർദ്ദേശം നൽകിയതായും മന്ത്രി പറഞ്ഞു.

✪✪✪

സിനിമ - സീരിയൽ - നാടക നടനും സംവിധായകനും സംഗീത നാടക അക്കാദമി അവാർഡ് ജേതാവുമായ പയ്യന്നൂരിലെ V.P രാമചന്ദ്രൻ നിര്യാതനായി. 81 വയസ്സായിരുന്നു.

1987 മുതൽ 2016 വരെ സിനിമയിൽ സജീവമായിരുന്ന അദ്ദേഹം മാധവിക്കുട്ടി, കിളിപ്പാട്ട്, അപ്പു തുടങ്ങി 19 സിനിമകളിൽ അഭിനയിച്ചു.

സംസ്കാരം നാളെ രാവിലെ പയ്യന്നൂർ മഹാദേവ ഗ്രാമത്തിലെ സ്മൃതിയിൽ നടത്തും.

✪✪✪

സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരുക്കുന്ന അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് വിജയമാക്കാൻ സംഘാടക സമിതി രൂപീകരണം മറ്റന്നാൾ കൊച്ചിയിൽ നടത്തുമെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും നൂതന ആശയങ്ങളും കണ്ടെത്തലുകളും അവതരിപ്പിക്കുന്ന പ്രദർശനങ്ങളാണ് തിരുവനന്തപുരത്തും കൊച്ചിയിലുമായി ഒരുക്കുകയെന്ന് മന്ത്രി അറിയിച്ചു.

✪✪✪

കെട്ടിട നികുതി പുതുക്കി നിശ്ചയിച്ചതിനെ തുടർന്ന് ചില കെട്ടിടങ്ങൾക്കുണ്ടായ കുടിശ്ശിക ബാധ്യതയിലെ പലിശ, നിബന്ധനകൾക്ക് വിധേയമായി, ഒഴിവാക്കി നൽകാൻ മന്ത്രി M.B രാജേഷ് നിർദ്ദേശം നൽകി. കാസർകോട്ട് തദ്ദേശ അദാലത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

അദാലത്തിൽ ലഭിച്ച 667 പരാതികളിൽ 651 എണ്ണത്തിൽ തീർപ്പാക്കി. 645 എണ്ണത്തിലും അനുകൂല തീരുമാനമാണുണ്ടായത്. അദാലത്തിൽ നേരിട്ട് കിട്ടിയ 169 പരാതികൾ രണ്ടാഴ്ചക്കകം തീർപ്പാക്കും.

✪✪✪

സപ്ലൈകോയുടെ കോഴിക്കോട് ജില്ലാ ഓണം ഫെയർ മറ്റന്നാൾ രാവിലെ മന്ത്രി P.A മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. കോഴിക്കോട് EMS സ്റ്റേഡിയം കോമ്പൗണ്ടിലാണ് ചടങ്ങ്. ഈ മാസം 14 വരെയാണ് ഓണം ഫെയർ.

✪✪✪

യുവനടിയുടെ പരാതിയിൽ നടൻ അലൻസിയറിന് എതിരെ ലൈംഗികാതിക്രമത്തിന് പൊലീസ് കേസെടുത്തു. എറണാകുളം ചെങ്ങമനാട് പൊലീസാണ് കേസെടുത്തത്.

✪✪✪

നേര്യമംഗലം സ്വദേശിനിയെ ദുബായിലെത്തിച്ച് പീഡിപ്പിച്ചെന്ന പരാതിയിൽ നടൻ നിവിൻപോളി ഉൾപ്പടെ ആറ് പേർക്കെതിരെ ഊന്നുകൽ പോലീസ് കേസെടുത്തു. ജോലി വാഗ്ദാനം ചെയ്ത് യുവതിയെ കൊണ്ടുപോയ സ്ത്രീ അടക്കം മറ്റ് അഞ്ച് പേർക്കെതിരെയാണ്, പീഡനം, സ്ത്രീത്വത്തെ അപമാനിക്കൽ എന്നീ കുറ്റങ്ങൾക്ക് കേസെടുത്തത്.

✪✪✪